പി.എൽ(3)/38453/13/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം,തീയ്യതി, 27/06/2013.

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

വിദ്യാഭ്യാസ ഉപഡയറക്ടർ,
......................................

12498

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം-പ്ലാൻ സ്കീം കലകളിൽ ശോഭിക്കുന്ന കുട്ടികൾക്കുള്ള ധനസഹായം 2013-14 അർഹരായ കുട്ടികളുടെ ലിസ്റ്റ് സമർപ്പിക്കുന്നത് സംബന്ധിച്ച്-

സൂചന:-

**************

കലാരംഗങ്ങളിൽ മികവുള്ള നിർദ്ധനരായ സർക്കാർ എയ്ഡഡ് മേഖലയിലെ വിദ്യാർത്ഥികൾക്ക് വേണ്ടി യുവജനോത്സവ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് അവസരം ഉണ്ടാക്കിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച പദ്ധതിയാണ്, കലകളിൽ ശോഭിക്കുന്ന നിർദ്ധനരായ കുട്ടികൾക്കായുള്ള ധനസഹായ പദ്ധതി. **കുടുംബ വാർഷിക വരുമാനം 75,000/- രൂപ വരെയുള്ള** അർഹരായ ഓരോ കുട്ടിക്കും **10,000 രൂപാ** വീതം ധനസഹായം നൽകുന്നതാണ്. കഥകളി, ഓട്ടൻതുള്ളൽ, ഭരതനാട്യം, കുച്ചിപ്പുടി, മോഹിനിയാട്ടം,നാടോടി നൃത്തം എന്നീ ഇനങ്ങളിൽ സബ്ജില്ലാതല മത്സര വിജയികൾക്ക് ജില്ലാതല മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതാണ്.

2012-13 വർഷത്തിൽ സ്കൂൾ കലോൽസവത്തിൽ സബ്ജില്ലാതലത്തിൽ മത്സരിക്കുകയും ജില്ലാതലത്തിൽ മത്സരിക്കുവാൻ യോഗ്യത നേടുകയും ചെയ്ത കുട്ടികളുടെ **(കുടുംബ വാർഷിക വരുമാനം 75,000/- രൂപ വരെ)** ലിസ്റ്റും വിശദവിവരങ്ങളും **31/08/2013-നകം** ഈ ഓഫീസിൽ ഇതോടൊപ്പം ചേർത്തിട്ടുള്ള ഫോറത്തിൽ **(dpiplanning@gmail.com)** ഇ-മെയിൽ ചെയ്യേണ്ടതാണ്. ജില്ലകളിൽ ഇക്കാര്യം അറിയിച്ചുകൊണ്ടുള്ള പത്രവാർത്ത നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

//അംഗീകാരത്തോടെ//

Sugathas.T.L

സൂപ്രണ്ട്

റവന്യൂജില്ലയുടെ പേര്:......................................................................................................

| ക്രമ നമ്പർ | കുട്ടിയുടെ പേര് | സ്കൂളിന്റെ പേര് | സർക്കാർ/ എയ്ഡഡ് | കുടുംബ വാർഷിക വരുമാനം | സബ്ജില്ലയിൽ പങ്കെടുത്ത ഇനം | സബ്ജില്ലയുടെ പേര് | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |